പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1917 22.03.2012 ൽ മറുപടിക്ക്

## തീരദേശങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറിയത് സംബന്ധിച്ചുള്ള പഠന റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ .പ്രദീപ് കുമാർ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | തുറമുഖവകുപ്പിനു കീഴിലുള്ള തീരപ്രദേശങ്ങൾ സ്വകാര്യവ്യക്തികൾ കയ്യേറിയതു സംബന്ധിച്ചു പഠിച്ച് സർക്കാരിനു റിപ്പോർട്ട് സമർപ്പിക്കുന്നതിന് തുറമുഖ വകുപ്പ് സെക്രട്ടറിയായിരുന്ന എൽ.രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഉള്ള കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നുവോ; | എ) യും ബി) യും സി) യും | തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ കൈയേറിയത് സംബന്ധിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തുറമുഖ വകുപ്പ് സെക്രട്ടറിയായിരുന്ന എൽ.രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തുറമുഖ വകുപ്പിന്റെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി റവന്യു റിക്കോർഡുകളിൽ മാറ്റം വരുത്തുന്നതിന് 19/9/2009 ലെ സ.ഉ (സാധാ) നം.584/09 സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ നടപടി തുടർന്നു വരുന്നു. |
| ബി | പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹാജരാക്കുമോ ; | | |
| സി | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ